# അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കൽ

അല്ലാഹു ﷻ പറഞ്ഞു:

﴿فَلَا تَجْعَلُوا لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ﴾

(......അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്. ) (വി.ക്വു. 2: 22)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു അബ്ബാസ് ؓ പറഞ്ഞു: ''സമന്മാരെ ഉണ്ടാക്കരുത് എന്ന് പറഞ്ഞാൽ ശിർക്ക് വെക്കരുത് എന്നാണ്, ശിർക്കാകട്ടെ രാത്രിയുടെ കൂരിരുട്ടിൽ കരിമ്പാറയിലൂടെ അരിച്ചു വരുന്ന ഉറുമ്പിന്റെ അരിച്ചിലിനേക്കാൾ ഗോപ്യമാണ്. ശിർക്കിന് ഉദാഹരണമെന്നോണം അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെകൊണ്ടും നിന്റേയും എന്റേയും ജീവിതത്തെ ക്കൊണ്ടുമാണ് സത്യം'. 'ഈ കൊച്ചുപട്ടിയില്ലായിരുന്നുവെങ്കിൽ നമ്മുടെ വീട്ടിൽ കള്ളന്മാർ വന്നേനെ', 'ഈ താറാവില്ലായിരുന്നുവെ ങ്കിൽ നമ്മുടെ വീട്ടിൽ കള്ളന്മാർ വന്നേനെ', 'അല്ലാഹുവും നിങ്ങളും ഉദ്ദേശിച്ചത്', 'അല്ലാഹുവും ഉദ്ദേശ വ്യക്തിയും ഇല്ലായിരുന്നുവെങ്കിൽ' എന്നൊക്കെ പറയുന്നത് ശിർക്കാണ്.''
(ഇബ്നു അബീ ഹാതിം)

ഉമർ ؓ വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ حَلَفَ بِغَيْرِ اللهِ فقد كَفَرَ أو أشْرَكَ».

''അല്ലാഹു അല്ലാത്തവരെകൊണ്ട് ആരെങ്കിലും സത്യം ചെയ്താൽ അവൻ കാഫിറായി അല്ലെങ്കിൽ ശിർക്ക് ചെയ്തവനായി.'' [1]

ഇബ്നു മസ്ഊദ് ؓ പറഞ്ഞു:

---

[1] സുനനുത്തിർമുദി, ഹാകിം. അൽബാനി ഹദീഥിനെ 'സഹീഹ്'' ആക്കിയിട്ടുണ്ട്.

لأن أحلف بالله كاذباً أحب إلي من أن أحلف بغيره صادقاً.

''ഞാൻ കളവു പറയുന്നവനായി അല്ലാഹുവിനെകൊണ്ട് സത്യം ചെയ്യലാണ് സത്യം പറയുന്നവനായി അല്ലാഹു അല്ലാത്തവരെകൊണ്ട് സത്യം ചെയ്യുന്നതിനേക്കാൾ എനിക്ക് ഇഷ്ടകരം.''[1]

ഹുദൈഫﷺവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«لا تَقولُوا مَا شَاءَ الله وَشَاءَ فُلاَنٌ وَلَكِنْ قُولُوا مَا شَاءَ الله ثُمّ شَاءَ فُلاَنٌ»

''അല്ലാഹുവും നിശ്ചിത വ്യക്തിയും ഉദ്ദേശിച്ചത്' എന്ന് നിങ്ങൾ പറയരുത്. എന്നാൽ 'അല്ലാഹുവും പിന്നീട് നിശ്ചിത വ്യക്തിയും ഉദ്ദേശിച്ചത്' എന്നു പറയുക.''[2]

ഇബ്റാഹീം അന്നഖഈﷺവിൽ നിന്നും ഇപ്രകാരം വന്നിരിക്കുന്നു: ''ഒരാൾ ഞാൻ അല്ലാഹുവിലും താങ്കളിലും അഭയം തേടുന്നു എന്ന് പറയുന്നതിനെ അദ്ദേഹം വെറുത്തിരുന്നു. ഞാൻ അല്ലാഹുവിലും പിന്നീട് താങ്കളിലും അഭയം തേടുന്നു എന്നു പറയൽ അദ്ദേഹം അനുവദനീയമായി കണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: ഒരാൾക്ക് 'അല്ലാഹുവും പിന്നീട് നിശ്ചിത വ്യക്തിയും ഇല്ലായിരുന്നുവെങ്കിൽ' എന്ന് പറയാം. എന്നാൽ 'അല്ലാഹുവും നിശ്ചിത വ്യക്തിയും ഇല്ലായിരുന്നുവെങ്കിൽ എന്ന് പറയാവതല്ല.''[3]

## <u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>

- 'അൻദാദിന്റെ' വിഷയത്തിൽ സൂറത്തുൽ ബഖ്വറയിലെ ആയത്തിന്റെ തഫ്സീർ.
- 'ശിർക്കുൽ അക്ബറിന്റെ' വിഷയത്തിൽ അവതരിച്ച വചനം 'ശിർക്കുൽ അസ്ഗറി'നും പൊതുവിലാണെന്ന് സ്വഹാബികൾ വ്യാഖ്യാനിച്ചിരുന്നു.
- അല്ലാഹുﷻ അല്ലാത്തവരെകൊണ്ട് സത്യംചെയ്യൽ ശിർക്കാണ്.

---

[1] മുസ്വന്നഫ്, അബ്ദുർറസാക്. മുഅ്ജമു ത്വബറാനി. അൽബാനി ഹദീഥിനെ 'സഹീഹ്'' ആക്കിയിട്ടുണ്ട്.

[2] സുനനു അബീദാവൂദ്. അൽബാനിയുടെ അസ്സ്വഹീഹഃ 137 നോക്കുക.

[3] മുസ്വന്നഫ്, അബ്ദുർ റസാക്.

- സത്യസന്ധനായികൊണ്ട് അല്ലാഹുﷻ അല്ലാത്തവരെ കൊണ്ട് ഒരാൾ സത്യം ചെയ്താൽ അത് കള്ള സത്യത്തേക്കാൾ പാതകമാണ്.
- പദത്തിലും അർത്ഥത്തിലും 'വാവും' 'ഥുമ്മ'യും തമ്മിലുള്ള വ്യത്യാസം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**